കേരളോൽസവത്തിൽ കലാകായിക മൽസര വിജയികൾക്ക് ഒരേ സമ്മാനം നൽകുന്നതിന് നടപടി

26 (2576) ശ്രീമതി കെ. കെ. ശൈലജ ടീച്ചർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക-പട്ടിക സമുദായക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരളോൽസവത്തിൽ കലാകായിക വിഭാഗങ്ങളിൽ ഒന്നാം സമ്മാനം കിട്ടുന്നവർക്ക് എന്തെല്ലാം അംഗീകാരങ്ങളാണ് ലഭിക്കുന്നത് ;

(ബി) കലാകായിക മൽസരങ്ങളിൽ ഒന്നാം സമ്മാനം ലഭിക്കുന്നവർക്ക് ഒരേ സമ്മാനത്തുക ലഭിക്കാനുള്ള നടപടി സ്വീകരിക്കുമോ ;

(സി) കലാകായിക വിഭാഗങ്ങളിൽ ഒന്നാം സമ്മാനം കിട്ടുന്നവർക്ക് കൂടി തൊഴിൽ ലഭ്യമാക്കുന്നതിന് സംവരണം ഏർപ്പെടുത്തുമോ ?

ഉത്തരം

(എ) കലാകായിക മൽസരത്തിൽ ചാമ്പ്യൻമാരാകുന്ന നാലു പേർക്ക് (രണ്ട് സ്ത്രീകളും രണ്ട് പുരുഷൻമാരും) ഒരു പവൻ തൂക്കം വരുന്ന രാജീവ് ഗാന്ധി ഗോൾഡ് മെഡലുകൾ നൽകി അംഗീകരിക്കുന്നു.

1999 മുതൽ കായിക മൽസരങ്ങളിൽ ഒന്നു രണ്ടു മൂന്നും സ്ഥാനങ്ങൾ നേടുന്നവർക്ക് പ്രൈസ്മണി നൽകുന്നുണ്ട്.

സംസ്ഥാനതല മൽസരങ്ങളിലെ ദേശീയ ഇനങ്ങളിൽ വിജയിക്കുന്നവർക്ക് ദേശീയതല മൽസരങ്ങളിൽ പങ്കെടുക്കാൻ അവസരമുണ്ടാകുന്നു. ദേശീയതല മൽസരത്തിൽ വിജയികളാകുന്നവർക്ക് കേന്ദ്ര സർക്കാർ നൽകുന്ന ക്യാഷ് അവാർഡിന് തുല്യമായ തുക സംസ്ഥാന സർക്കാരും നൽകി അവർക്ക് അംഗീകാരം നൽകുന്നുണ്ട്.

(ബി) ഈ വിധം സമ്മാനം നൽകുന്നതിലെ സാങ്കേതിക വശം പരിശോധിച്ച ശേഷം ഉചിതമായ നടപടി സ്വീകരിക്കുന്നതാണ്.

(സി) ഇപ്പോൾ ഇക്കാര്യം പരിഗണനയിൽ ഇല്ല.

യുവജനക്ഷേമ പ്രവർത്തനങ്ങൾക്ക് അവാർഡ്

27 (2577) ശ്രീ. വർഗ്ഗീസ് വൈദ്യർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക-പട്ടിക സമുദായക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) യുവജനക്ഷേമ പ്രവർത്തനങ്ങളിൽ മികച്ച പ്രകടനം കാഴ്ച വയ്ക്കുന്ന വ്യക്തികൾക്കും ക്ലബ്ബുകൾക്കും സംസ്ഥാന സർക്കാർ അവാർഡ് നൽകാറുണ്ടോ ;

(ബി) കേന്ദ്ര സർക്കാർ ഏർപ്പെടുത്തുന്നതുപോലെ ഏറ്റവും നല്ല യുവ ജനക്ഷേമ പ്രവർത്തകനും ക്ലബ്ബുകൾക്കും സംസ്ഥാന സർക്കാരും അവാർഡ് ഏർപ്പെടുത്തുമോ ;

LIBRARY ARCHIVES Kerala Legislative Assembly